# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 384 | 19/10/2016 -ൽ മറുപടിക്ക്

# ജലനിധി രണ്ടാംഘട്ട പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ജെ.മാക്സി<br>ശ്രീ. വി.ജോയി<br>പ്രൊഫ. കെ.യു.അരുണൻ<br>ശ്രീ. എം.മുകേഷ് | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഗ്രാമ പഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ, കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ഒരുക്കുന്നതിന് ലോകബാങ്ക് ധനസഹായത്തോടെ 1022 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന രണ്ടാംഘട്ട ജലനിധി പദ്ധതി (2012-17) സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഗ്രാമീണ ജനതയ്ക്ക് കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ആവശ്യാധിഷ്ഠിതമായി വികേന്ദ്രീകൃത രീതിയിൽ ഒരുക്കുന്നതാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. മൂന്ന് ബാച്ചുകളിലായി 11.5 ലക്ഷത്തോളം പേർക്ക് സുരക്ഷിതമായ കുടിവെള്ളവും, 6.9 ലക്ഷം പേർക്ക് ശുചിത്വ സംവിധാനങ്ങളും നടപ്പാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. വിവിധ ബാച്ചുകളിലായി നടപ്പാക്കുന്ന പദ്ധതിയുടെ ഒന്നാം ബാച്ചിൽ ആലപ്പുഴ, എറണാകുളം ഒഴികെ മറ്റു ജില്ലകളിൽ നിന്നു തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിലും, തുടർന്നുള്ള ബാച്ചുകളിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, തൃശ്ശൂർ, പാലക്കാട്, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത വിവിധ പഞ്ചായത്തുകളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ, കേരള വാട്ടർ അതോറിറ്റിയുടെ ഏതാനും മൾട്ടി ജി.പി. പദ്ധതികൾ പുനരുദ്ധാരണ, നവീകരണ പ്രവർത്തനങ്ങൾ |

നടത്തി, സമീപ പഞ്ചായത്തുകൾക്ക് ജലനിധി ബൾക്ക് വാട്ടർ മാതൃകയിൽ ജലവിതരണം നടത്തുന്നതിനുള്ള പദ്ധതി കളും നടപ്പാക്കി വരുന്നു. ടി. പഞ്ചായത്തു കളിൽ എല്ലാം തന്നെ ശുചിത്വസൗകര്യ ങ്ങളും, ഗ്രൗണ്ട് വാട്ടർ റീചാർജ്ജ് സംവിധാനങ്ങളും നടപ്പാക്കുന്നതിനും ലക്ഷ്യമിട്ടിരിക്കുന്നു. ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ പ്രവർത്തനങ്ങൾ യഥാസ മയം അവലോകനം ചെയ്യാറുണ്ട്.

പദ്ധതി നിർവ്വഹണത്തിൽ ഇതുവരെ കൈവരിച്ച പുരോഗതി താഴെ കൊടുക്കുന്നു.

ബാച്ച് 1 - 465 കുടിവെള്ള പദ്ധതികൾ നടപ്പാക്കാനായി ഏറ്റെടുത്തതിൽ 448 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി യുള്ള പദ്ധതികൾ പൂർത്തീകരിക്കുന്ന തിനും, പദ്ധതികൾ പൂർത്തിയായ പഞ്ചായ ത്തുകളിൽ നിന്നും പദ്ധതി വിടുതൽ ചെയ്ത്, ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതി നുള്ള നടപടികളും പുരോഗമിച്ച് വരുന്നു.

ബാച്ച് 2 - 1182 പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിൽ 784 പദ്ധതികൾ ഇതി നകം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ 2017 ജൂൺ മാസത്തോടെ പൂർത്തീകരി ക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ബാച്ച് 3 - 513 കുടിവെള്ള പദ്ധതികളാണ് ഈ ബാച്ചിലെ വിവിധ പഞ്ചായത്തുകളി ലായി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതികളുടെ സ്രോതസ്സുകളുടെ പ്രവർത്തി കൾ ആരംഭിച്ച് കഴിഞ്ഞു.

മൾട്ടി ജി.പി. പദ്ധതികൾ - 12 ഗ്രാമപഞ്ചാ യത്തുകൾക്ക് കുടിവെള്ള വിതരണം നടത്തുന്നതിനായി, 3 കേരള വാട്ടർ അതോറിറ്റി പദ്ധതികൾ തെരഞ്ഞെടുത്തി രുന്നു. ഇതിൽ മാളയും, സമീപ 5 പഞ്ചായ ത്തുകൾക്കുമുള്ള പദ്ധതിയിൽ കേരള വാട്ടർ അതോറിറ്റി യുടെ പൊതുഘടകങ്ങളുടെ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. ജലനിധി വിതരണ ശൃംഖലയുടെ 90% പണിയും പൂർത്തിയായിട്ടുണ്ട്. ഊരകം, വേങ്ങര, പറപ്പൂർ പദ്ധതിയുടേയും, തെന്നല, ഒഴൂർ, പെരുമണ്ണക്ലാരി പദ്ധതിയുടേയും,

കേരള വാട്ടർ അതോറിറ്റി, ജലനിധി ഘടകങ്ങളുടെയും പ്രവർത്തികൾ ഒരേ സമയം പുരോഗമിച്ച് വരുന്നു.
1232 ചെറുകിട ജലവിതരണ പദ്ധതികൾ ഇതുവരെ (സെപ്റ്റംബർ 2016) കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇവയിൽ നിന്നും 3,70,802 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്.

(ബി) കാലവർഷത്തിന്റെ ഭീമമായ കുറവുകൊണ്ടുണ്ടാകുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കാനായി ഈ പദ്ധതികൾ എത്രമാത്രം ഫലവത്താണെന്ന് അറിയിക്കാമോ; വേനൽക്കാലത്തുൾപ്പെടെ സുസ്ഥിര ജലവിതരണത്തിന് ഈ പദ്ധതികൾ പ്രാപ്തമാണോ;

(ബി) ജലനിധി പദ്ധതികളുടെ ജലസ്രോതസ്സുകളിൽ ജല ലഭ്യത സുസ്ഥിരമായി ഉറപ്പാക്കുന്നതിന് ജലസംരക്ഷണം, ഭൂജല പരിപോഷണം എന്നീ കർമ്മ പദ്ധതികളും ജലനിധി ആവിഷ്കരിച്ചിട്ടുണ്ട്. സുസ്ഥിര കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിന് സാധ്യമായ പഞ്ചായത്തുകളിൽ, കേരള വാട്ടർ അതോറിറ്റിയുടെ ബൃഹത് പദ്ധതികളിൽ നിന്നും കുടിവെള്ളം ബൾക്കായി വാങ്ങി ജലനിധി മാതൃകയിൽ വിതരണം നടത്തുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. കുടിവെള്ള ക്ഷാമം നേരിടുന്ന പഞ്ചായത്തുകളിൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിത മായി പൂർത്തീകരിക്കുന്നതിന് കർമ്മ പരിപാടികൾ നടപ്പാക്കി വരുന്നു. മേൽപ്പറഞ്ഞ ജലസംരക്ഷണ – ഭൂജല പരിപോഷണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനാൽ വേനൽക്കാലത്തും ജലവിതരണത്തിന് ടി പദ്ധതികൾക്ക് സാധിക്കുന്നതാണ്.

(സി) ഈ പദ്ധതി പുനഃസംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതുവഴി ലക്ഷ്യമാക്കുന്നതെന്തെന്ന് അറിയിക്കുമോ?

(സി) ഉണ്ട്.
ലോകബാങ്ക് ധനസഹായം അമേരിക്കൻ ഡോളറിലാണ് കേന്ദ്രസർക്കാരിന് ലഭ്യമാകുന്നത്. അതിനാൽ, ഡോളർ - രൂപ വിനിമയ നിരക്കിലുണ്ടായ വ്യതിയാനം മൂലം പദ്ധതിക്ക് തുക അധികമായി ലഭ്യമാകുന്നു. ഈ അധിക തുക വിനിയോഗിക്കുന്നതിനായി പദ്ധതിയുടെ കാലയളവ് ഡിസംബർ 2018 വരെ നീട്ടിക്കൊണ്ട് പുതിയ പദ്ധതികൾ ഉൾപ്പെടുത്തി റീസ്ട്രക്ചറിംഗ് (restructuring) പൂർത്തിയായിട്ടുണ്ട്. ഇതിൽ രണ്ട് പുതിയ മൾട്ടി ജി.പി പദ്ധതികൾ - നെടുമ്പാശ്ശേരിയും

സമീപ പഞ്ചായത്തുകൾക്കുമായുള്ള പദ്ധതി, ചീക്കോട്ടും സമീപ പഞ്ചായത്തുകൾക്കുമായുള്ള പദ്ധതി എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

JSK/